**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 491**
**02.12.2014 ലെ മറുപടിക്ക്**

# <u>ആസ്തി വികസന ഫണ്ട്</u>

| ചോദ്യം.<br>ശ്രീ.ജെയിംസ് മാത്യു | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് നാളിതുവരെയുള്ള കണക്കുകൾ<br>വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ; | ആസ്തി വികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-2013 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും, 2013-2014 വർഷങ്ങളിൽ 53960.50 ലക്ഷം അടങ്കൽ വരുന്ന 1064 പ്രവർത്തികളും, 2014-2015 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവർത്തികളും നടപ്പിലാക്കുവാൻ ധന വകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായി. |
| (ബി) | ഈ പദ്ധതി ആരംഭിച്ചത് ഏത് തീയതി മുതലാണ്; ഒരു അസംബ്ളി നിയോജക മണ്ഡലത്തിൽ ഒരു വർഷം നടപ്പിലാക്കേണ്ടിയിരുന്നത് മൊത്തം എന്ത് തുകയ്ക്കുള്ള പദ്ധതിയായിരുന്നു; | 11/06/2012 ലെ സ.ഉ.(പി) നം.332/12/ധന സർക്കാർ ഉത്തരവു പ്രകാരമാണ് ആസ്തി വികസന പദ്ധതി നിലവിൽ വന്നത്. ഒരു അംസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു വർഷം ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 15 പ്രവർത്തികൾ ടി പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്. |
| (സി) | 140 മണ്ഡലങ്ങളിലായി ഈ പദ്ധതി നടപ്പിലാക്കിയ വർഷം മുതൽ ഈ വർഷം വരെ ചെലവഴിക്കേണ്ടിയിരുന്ന മൊത്തം തുക എത്രയായിരുന്നു; പദ്ധതി ആരംഭിച്ച് നാളിതുവരെ ഈ പദ്ധതി<br>പ്രകാരം ഖജനാവിൽ നിന്നും ചെലവഴിച്ച മൊത്തം തുക എത്ര; | ഒരു നിയോജക മണ്ഡലത്തിലെ ആസ്തി വികസനത്തിനായി ഓരോ സാമ്പത്തിക വർഷവും 500 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പദ്ധതിയാരംഭിച്ച് നാളിതുവരെയുള്ള ആകെ മൂലധന ചെലവ് അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം ഭരണാനുമതി നല്കിയ പദ്ധതികൾക്കെല്ലാമായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; | ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദിച്ചപ്രവൃത്തികളുടെ പുരോഗതി അനുസരിച്ചുള്ള ചെലവാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | ഈ പദ്ധതി പ്രകാരം ഭരണാനുമതിക്കായി പരിഗണനയിലിരിക്കുന്ന പദ്ധതികൾ എത്ര; | ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ധനവകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഭരണ വകുപ്പ് ആണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. ഭരണ വകുപ്പിന്റെ ശുപാർശയോടെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ സഹിതം ലഭ്യമാക്കിയിട്ടുള്ള 33 ഫയലുകൾ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Expenditure Statement | | | | | |
|---|---|---|---|---|---|
| Sl. No. | Head of Account | BE 2013-14(in Cr.) | Accounts 2013-14 | BE 2014-15 (in Cr.) | Expenditure for the month up to Sep' 2014 (in Cr) |
| 1 | 3055-00-190-97 | 1.9 | 0.88 | 5 | 3.81 |
| 2 | 4059-60-051-72 | 25 | Nil | 15 | Nil |
| 3 | 4202-01-800-88 | 8.61 | Nil | 120 | Nil |
| 4 | 4202-02-800-85 | 129.15 | Nil | 10 | Nil |
| 5 | 4202-03-102-99 | 2.24 | Nil | 10 | Nil |
| 6 | 4202-04-101-97 | 1.00* | Nil | 1 | Nil |
| 7 | 4202-04-105-98 | 0.30* | Nil | 0.3 | Nil |
| 8 | 4210-02-800-95 | 21 | Nil | 80 | Nil |
| 9 | 4215-01-800-93 | 3 | Nil | 30 | Nil |
| 10 | 4515-00-800-96 | 4 | 0.25 | 70 | 4.8 |
| 11 | 4700-80-800-89 | 3 | 0.09 | 10 | Nil |
| 12 | 5051-02-200-71 | 2 | Nil | 2 | Nil |
| 13 | 5054-03-101-98 | 90 | 4.8 | 26.7 | 1.06 |
| 14 | 5054-03-337-94 | 100 | 14.49 | 130 | 17.1 |
| 15 | 5055-00-800-77 | 0.1 | Nil | 8 | Nil |
| 16 | 5475-00-800-91 | 315 | Nil | 187 | Nil |
| | Total | 706.3 | 20.51 | 705 | 26.77 |

2012-13 സാമ്പത്തിക വർഷം 705 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ചിലവായിട്ടില്ല.

സെക്ഷൻ ഓഫീസർ